**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2243** **12-12-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പോലീസ് സേനയെ നവീകരിക്കുന്നതിനായി നടപ്പിലാക്കിയ പരിഷ്കാരങ്ങളും പദ്ധതികളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പോലീസ് സേനയുടെ ആധുനികവൽക്കരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇത്തരം പദ്ധതികളുടെ നടത്തിപ്പിലൂടെ സംസ്ഥാന പോലീസിന്റെ സേവനം മികച്ച രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സഹായകരമായിട്ടുണ്ട്. ഇതിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിൽ പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 154.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>മേൽപ്പറമ്പ് (കാസർഗോഡ്), കൊട്ടാരക്കര, ചിതറ, ശൂരനാട് (കൊല്ലം റൂറൽ), തേഞ്ഞിപ്പാലം (മലപ്പുറം), കണ്ണവം (കണ്ണൂർ സിറ്റി), വളയം, പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ), കരുനാഗപ്പള്ളി (കൊല്ലം സിറ്റി), വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ്, മലപ്പുറം സൈബർ പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ് ജില്ലയിൽ വനിതാ പോലീസ് സ്റ്റേഷൻ, ബേക്കൽ സബ്ഡിവിഷൻ, വയനാട് സുൽത്താൻ ബത്തേരി സബ് ഡിവിഷനും കോട്ടയം ചങ്ങനാശേരി സബ്ഡിവിഷനും കൊട്ടാരക്കര വനിതാ സെൽ എന്നിവയ്ക്കും പുതിയ കെട്ടിടങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.<br><br>പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്കനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം |

ചെയ്യാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ റൂറൽ ജില്ലയിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രം, ജില്ലാ പോലീസ് ഓഫീസ്, കൺട്രോൾ റൂം എന്നിവയ്ക്ക് പുതിയ കെട്ടിടം.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതനസാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം എന്നിവയ്ക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും ജനസൌഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലേയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ് വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS Project നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺ ലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലിസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ 'തുണ'യും നടപ്പിലാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകി വരുന്നു.

എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR)കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 9 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, കണ്ണൂർ സിറ്റി, മലപ്പുറം,

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം റൂറൽ) പോലീസ് ജില്ലകളിൽ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്.<br><br>എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമായി വരുന്നു.<br><br>സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി ക്യാമറകളും അതിന്റെ ജില്ല/ സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Own Operate Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2022-23 സംസ്ഥാന പദ്ധതിയിൽ പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV), മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 10 LMV, ബറ്റാലിയനുകൾക്കായി 30 LMV യും 9 ഹെവി ബസുകളും, ജില്ലകൾക്കായി 6 മീഡിയം ബസുകൾ, 2 ഓപ്പൺ ലോറി, 1 ആംബുലൻസ്, 2 വാട്ടർ ടാങ്കർ, 69 Two Wheeler, Finger Print Bureau യ്ക്ക് 22 LMV എന്നിവ അനുവദിച്ചിട്ടുണ്ട്.<br><br>ഒരേ കുറ്റവാളികളുടെ വിവരങ്ങൾ പല സോഫ്റ്റ് വെയറുകളിൽ രേഖപ്പെടുത്തേണ്ട സാഹചര്യം ഒഴിവാക്കാൻ 'One data one entry' എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ജിഡി റെക്കോർഡിങ്ങ്, എഫ്.ഐ.ആർ രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ്.ഐ.ആർ. സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ബി) | എ പിരിവിൽ ചേർത്തിട്ടുണ്ട് |
| | | | |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കളങ്കിത പ്രവർത്തനങ്ങൾക്ക് നടപടി നേരിട്ട എത്ര പോലീസുദ്യോഗസ്ഥരുണ്ടെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിന് 258 പോലീസുകാർക്കെതിരെ 257 ക്രിമിനൽ കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുറ്റകൃത്യങ്ങൾക്കനുസരിച്ച് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുറ്റകൃത്യത്തിന്റെ ഗൌരവം കണക്കിലെടുത്ത് ശക്തമായ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ